# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 6034. 28.10.11 ൽ മറുപടിക്ക്

## ബി.പി.എൽ പട്ടിക വിഭജനം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | ശ്രീ.ടി.എം.ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി.) |
| (എ) നിലവിലുള്ള ബി.പി.എൽ റേഷൻകാർഡ് വിഭജിക്കേണ്ടി വരുമ്പോൾ ഒരു വിഭാഗം എ.പി.എൽ ആയിമാറുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ), (ബി) & (സി) | തദ്ദേശ സ്വയം ഭരണ വകുപ്പ് അംഗീകരിച്ചു നല്കിയ പട്ടികപ്രകാരമുള്ള റേഷൻ കാർഡുകളാണ് നിലവിലുള്ളത്. ബി.പി.എൽ ലിസ്റ്റ് പ്രകാരമുള്ള നിശ്ചിത എണ്ണം കുടുംബങ്ങൾക്ക് മാത്രമേ ബി.പി.എൽ.കാർഡ് നല്കാൻ നിർവ്വാഹമുള്ളൂ. ഒരു റേഷൻ കാർഡ് വിഭജിച്ച് പുതിയ റേഷൻകാർഡ് നൽകുമ്പോൾ എ.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നല്കി വരുന്നത്. വിഭജിക്കപ്പെട്ട കുടുംബങ്ങൾ പുതുക്കിയ ബി.പി.എൽ പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ലിസ്റ്റിൻെറ അന്തിമ തീരുമാനമാകുന്ന മുറയ്ക്ക് അവർക്ക് ബി.പി.എൽ കാർഡുകൾ നല്കാൻ കഴിയും. |
| (ബി) എ.പി.എൽ ആയിമാറുന്ന ഒരു വിഭാഗം ബി.പി.എൽ വിഭാഗത്തെപ്പോലെ പാവപ്പെട്ടവരായി തുടരുമെന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| (സി) വികലാംഗർ, വിധവകൾ എന്നിവർ ഇത്തരം എ.പി.എൽ കാർഡിൽപ്പെടുകയാണെങ്കിൽ ഇവർക്ക് പ്രത്യേക പരിഗണന നൽകി ബി.പി.എൽ. കാർഡുകൾ നൽകാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ